## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 379 — 29.06. 2016 ൽ മറുപടിക്ക്

### കെ.എസ്. ഇ.ബി. യിലെ മീറ്റർ റീഡർ തസ്തിക

**ചോദ്യം**
ശ്രീ. മോൻസ് ജോസഫ്

**ഉത്തരം**
ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസവവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ ഇപ്പോൾ നിലവിലുള്ള മീറ്റർ റീഡർ തസ്തികകളുടെ എണ്ണം എത്ര ; ഒഴിവുകളുടെ എണ്ണം ഡിവിഷൻ തിരിച്ച് അറിയിക്കാമോ ;<br>(ബി) സ്ഥിരം ജീവനക്കാരുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) & (ബി) കെ.എസ്.ഇ.ബി.യിൽ തസ്തികകൾ പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് ഒരു പഠനം ഐ.ഐ.എം. കോഴിക്കോടിന്റെ കീഴിൽ നടന്നിട്ടുണ്ട്. പഠന റിപ്പോർട്ട് ബോർഡ് തലത്തിൽ പഠിക്കുകയും വിശകലനം ചെയ്യുകയും ചെയ്ത ശേഷം മാത്രമേ മീറ്റർ റീഡർ തസ്തികകളുടെ അനുവദനീയ തസ്തിക, ഒഴിവുകൾ എന്നിവ എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളു. |
| (സി) കെ.എസ്.ഇ.ബി. മീറ്റർ റീഡർമാരുടെതസ്തികയെക്കുറിച്ച് പഠനം നടത്തുന്നതിനു വേണ്ടി 13.03.2014-ൽ കോഴിക്കോട് ഐ.ഐ.എം-നോട് കെ.എസ്.ഇ.ബി. ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;<br>(ഡി) കോഴിക്കോട് ഐ.ഐ.എം. പ്രസ്തുത പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; റിപ്പോർട്ട് എന്നത്തേയ്ക്ക് സമർപ്പിക്കും എന്നറിയിക്കാമോ ? | (സി)&(ഡി) കെ.എസ്.ഇ.ബി യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ വിന്യാസം സംബന്ധിച്ചും ശുപാർശകൾ രൂപീകരിക്കാൻ IIM നോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുപ്രകാരം IIM KSEB ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ